ശ്രീ. എ. എ. റഹിം : വിഴിഞ്ഞം, തുറവ്ക്കൽ ഈ സ്ഥലങ്ങളിലാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ 20 ഡിസ്പെൻസറികളും മാറ്റുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ ഹെൽത്തുയൂണിറ്റുകളിലെ ഡാക്ടറന്മാരെയും മറ്റും മാറ്റുന്നതും നിയമിക്കുന്നതും ആരാണ് ?

ശ്രീ. എ. എ. റഹിം : പബ്ലിക്ക് ഹെൽത്ത് ഡയറക്ടറാണ്. എന്നാൽ സർജൻജനറൽകൂടി അറിയേണ്ടതായിട്ടുണ്ടിരിക്കുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളും ഉണ്ടാകും. അതു് മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നും പബ്ലിക്കുഹെൽത്ത് ഡിപ്പാർട്ടുമെന്റിലേക്കു് നിയമനം നടത്തുമ്പോളാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അതല്ല, ഞാൻ ചോദിച്ചതു്. ഹെൽത്തുയൂണിറ്റുകളിലെ നിയമനവും സ്ഥലംമാറ്റവും ആരാണു നടത്തുന്നതു് എന്നാണു്.

ശ്രീ. എ. എ. റഹിം : പബ്ലിക്ക് ഹെൽത്ത് ഡയറക്ടറാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അങ്ങനെയല്ലാതെ ഉഴമലക്കൽ എന്ന സ്ഥലത്തു് പബ്ലിക്കുഹെൽത്ത് ഡയറക്ടരോടു ചോദിച്ചു സർജൻ ജനറൽ നടത്തിയതായറിയാമോ ?

ശ്രീ. എ. എ. റഹിം : അതു ശരിയായിരിക്കുകയില്ല

ശ്രീ. പ്രാക്കുളം ഭാസി : സെക്കണ്ടറി ഹെൽത്തുസെന്ററുകൾ ഈ വർഷത്തിൽ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ഇൻഷ്വറൻസ് ദേശസാൽക്കരണം.

* 42. [14] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് ദേശസാൽക്കരണംമൂലം സ്റ്റേറ്റ് ഗവണ്മെന്റിനു എന്തെങ്കിലും വരുമാനം ഉണ്ടോ ;

(ബി) ദേശസാൽക്കരിക്കപ്പെട്ടുന്ന കമ്പനികളിലെ പോളിസിഹോൾഡേഴ്സിൽനിന്നും ഇവിടെ പിരിയുന്ന പണം സംസ്ഥാനത്തിനകത്തു തന്നെ സക്കുലേറ്റ് ചെയ്യത്തക്കവിധം ആവശ്യമായ വ്യവസ്ഥകളുണ്ടാക്കുന്ന കാര്യം ഈ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഇൻഷ്വറൻസ് ദേശസാൽക്കരണംമൂലം സ്റ്റേറ്റ് ഗവണ്മെന്റിനു യാതൊരു വരുമാനവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രേണഘടനയനുസരിച്ചു ഇൻഷ്വറൻസ് ഒരു കേന്ദ്ര വിഷയമാണ്. കേന്ദ്രഗവണ്മെൻറ ദേശസാൽക്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് കമ്പനികളിലെ പണം ഈ സംസ്ഥാനത്തിൽ തന്നെ സക്കുലേറ ചെയ്യണമെങ്കിൽ അതിനുള്ള വ്യവസ്ഥകൾ പാർലിമെൻറം കേന്ദ്രഗവണ്മെൻറം ആണ് തീരുമാനിക്കേണ്ടത്. ഈ അടുത്ത കാലത്തു് ഇതുസംബന്ധിച്ചു ഒരു ബിൽ പാർലമെൻറിൽ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഡി. വിവേകാനന്ദൻ: അങ്ങനെ ആപണം ഇവിടെ തന്നെ സക്കുലേറ ചെയ്യുന്നതിനു കേന്ദ്രത്തോടാവശ്യപ്പെടാൻ ഈ ഗവണ്മെൻറ സന്നദ്ധമാണോ?

ശ്രീ. എ. ജെ. ജാൻ: അതു സാധിക്കുമെന്നു തോന്നുന്നില്ല. വ്യവസായങ്ങൾക്കാവശ്യമായ പണം ഗ്രാൻറായോ ലോണായോ ലഭിക്കുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാം. അല്ലാതെ ഈ പണം ഇവിടെ സക്കുലേറ ചെയ്യണമെന്നു പറഞ്ഞാൽ സാധിക്കുമോ എന്നു സംശയമാണ്.

ശ്രീ ഡി. വിവേകാനന്ദൻ: അങ്ങനെ ആവശ്യപ്പെടുന്നതു ന്യായമല്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഉപയോഗപ്പെടുത്തുന്നതിനുകൂടിയായിരിക്കും ഇതു നാഷണലൈസ് ചെയ്യുന്നതു്.

SHRI P. S. NATARAJA PILLAI: May I know what is the exact position as regards State Insurance Funds?

SHRI A. J. JOHN: That is a matter to be finally decided. At present it is not very clear.

ആയുർവ്വേദ കാളേജിലെ വിദ്യാർത്ഥീവിദ്യാർത്ഥിനികൾ.

*43 [15] ശ്രീ. എൻ. ജി. ചാക്കോ: താഴെകാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആയുർവ്വേദ കാളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഈ വർഷം ക്ലാസ്സുകൾ ബോയിക്കോട്ട ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ കാരണം എന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ആയുർവ്വേദ കാളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഈ വർഷം ക്ലാസ്സുകൾ ബഹിഷ്കരിച്ചിട്ടുണ്ടു്.

(ബി) ആയുർവ്വേദ വിദ്യാർത്ഥികൾ ആയുർവ്വേദവും അലോപ്പതിയും പഠിക്കുന്നതുകൊണ്ടു് അവരെ പ്രാക്ടീസുചെയ്യാൻ അനുവദിക്കണം, അവർക്കു് ഡിഗ്രിക്കോഴ്സും ഡിപ്ലോമാ കോഴ്സും അനുവദിച്ചിട്ടുള്ളതു്, അതായതു്, ബി. എ. എം. എസ്. ഡിഗ്രി കൊടുക്കണമെന്നും മറ്റുള്ള അവകാശങ്ങളുടെ പേരിലുമാണു അവർ പഠിപ്പു മുടക്കിയിരിക്കുന്നതു്.

ശ്രീ. എൻ. ജി. ചാക്കോ: അവിടെ ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചുകഴിഞ്ഞുണ്ടെന്നു അവർ ആവശ്യപ്പെട്ടിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly